# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - *279

22.02.2016- ൽ മറുപടിക്ക്

## അടിസ്ഥാന വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. എളമരം കരീം<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ആസൂത്രണ ബോർഡ് രൂപം നൽകിയ വൻകിട അടിസ്ഥാന വികസന പദ്ധതികൾ ഏതെല്ലാമായിരുന്നു; അവ സംസ്ഥാനത്തെ വികസനത്തെ എങ്ങനെ സ്വാധീനിക്കുമെന്നാണ് കരുതിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയ അടിസ്ഥാന വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.35-ാം ദേശീയ ഗെയിംസ്.<br>2.തിരുവനന്തപുരം/കോഴിക്കോട് മോണോ റെയിൽ/ലൈറ്റ് മെട്രോ പദ്ധതി.<br>3.സബർബൻ റെയിൽ സർവ്വീസ്.<br>4.മൊബിലിറ്റി ഹബ്ബുകൾ.<br>5.വ്യവസായ വികസന മേഖല.<br>6.നാഷണൽ ഇൻവെസ്റ്റ്മെന്റ് മാന്യുഫാക്ച്ചറിംഗ് സോൺ(നിംസ്)<br>7.പെട്രോളിയം കെമിക്കൽ ആന്റ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ(പി.സി.പി.സി.എ.ആർ)<br>സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ ഈ പദ്ധതികൾ നാഴികക്കല്ലാകുമെന്നാണ് പ്രതീക്ഷിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി പഥത്തിലെത്തിക്കാൻ സാധിച്ചത് ഏതൊക്കെയാണ്; ഇത്തരം പദ്ധതികളുടെ നടത്തിപ്പിലൂടെ ലക്ഷ്യമിട്ട നേട്ടം കൈവരിക്കാനായോ എന്നറിയിക്കാമോ; | (ബി) പ്രസ്തുത പദ്ധതികളിൽ, 35-ാം ദേശീയഗെയിംസ് പൂർത്തിയാക്കിയിട്ടുണ്ട്. 35-ാം ദേശീയഗെയിംസിന്റെ ഭാഗമായി അന്താരാഷ്ട്രനിലവാരമുള്ള കളിയിടങ്ങൾ സജ്ജമാക്കുകയും, കായികഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തതിലൂടെ സംസ്ഥാനത്തെ കായികതാരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും, അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടം |

കൈവരിക്കാനും സാധിക്കുന്നതാണ്. കൂടാതെ 9 പുതിയ സ്റ്റേഡിയങ്ങളും നവീകരിച്ച 17 സ്റ്റേഡിയങ്ങളും സംസ്ഥാന കായിക അടിസ്ഥാനവികസനത്തിന് മുതൽകൂട്ടാകുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഉപേക്ഷിക്കപ്പെട്ടതോ ആരംഭിക്കാൻ കഴിയാതെ പോയതോ ആയ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകാമോ? | (സി) | ആസൂത്രണബോർഡ് രൂപം നൽകിയ വൻകിടപദ്ധതികളൊന്നും തന്നെ ഉപേക്ഷിക്കപ്പെട്ടിട്ടില്ല. സബർബൻ റെയിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി പ്രതീക്ഷിക്കുകയാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ടും, രൂപരേഖയും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റു പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ